**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 97738/AD A8-1/2025/എ ഡി എ 8 തീയതി: 01.10.2026

പ്രിയദർശിനി ഹിൽസ്

# <u>സർക്കുലർ</u>

വിഷയം:- പെൻഷൻ-മഹാത്മാഗാന്ധി സർവകലാശാല പെൻഷൻകാരുടെ 2026 കലണ്ടർ വർഷത്തെ ജീവനസാക്ഷ്യപത്രം സമർപ്പിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന :- 1.01.11.2017 തീയതിയിലെ 6470/എ10/1/02/2017/ഭ.വി നമ്പർ സർവകലാശാല ഉത്തരവ്

2.11.06.2020 തീയതിയിലെ 7553/എഡിഎ3/4/ഭ.വി നമ്പർ പരിപത്രം

3.കെ.എസ്.ആർ ഭാഗം 3 ചട്ടം 128(a)

4.കെ.ടി.സി വാല്യം 1 ചട്ടം 280(a)

മഹാത്മാഗാന്ധി സർവകലാശാല പെൻഷൻകാരുടെ 2026 വർഷത്തെ ജീവനസാക്ഷ്യപത്രം (ലൈഫ് സർട്ടിഫിക്കറ്റ്) സൂചന (1) പ്രകാരം www.jeevanpramaan.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർ സർവകലാശാല വെബ്സൈറ്റിലും പെൻഷനേഴ്സ് പോർട്ടലിലും ലഭ്യമാക്കിയിട്ടുള്ള നിശ്ചിതമാതൃകയിലുള്ള ഫോറം ഡൗൺലോഡ് ചെയ്തെടുത്ത് ജീവനസാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ടി ഫോറം മുഖേന ജീവനസാക്ഷ്യപത്രം സമർപ്പിക്കുന്നവർ ആയതിൻറെ അസ്സൽ നിർബന്ധമായും സെക്ഷനിൽ ഹാജരാക്കേണ്ടതാണ്. ജീവൻ പ്രമാൺ മുഖേന ഓൺലൈനായി സമർപ്പിക്കുന്നവർ ആയതിൻറെ പകർപ്പ് ഹാജരാക്കേണ്ടതില്ല.

ഇതോടൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണെന്ന് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ₹2000/- രൂപയിൽ താഴെ എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ ലഭിക്കുന്നവർ ഒഴികെയുള്ള പെൻഷൻകാർ സൂചന (2) പ്രകാരം ജീവനസാക്ഷ്യപത്രത്തോടൊപ്പം കേരളസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നില്ല എന്ന് നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.
2. കുടുംബപെൻഷൻ കൈപ്പറ്റുന്ന 60 വയസ്സിൽ താഴെയുള്ള വ്യക്തികൾ വിവാഹം ചെയ്തിട്ടില്ല/ പുനർവിവാഹം ചെയ്തിട്ടില്ല എന്ന നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ സമർപ്പിക്കേണ്ടതാണ്.
3. കുടുംബപെൻഷൻ കൈപ്പറ്റുന്ന 60 വയസ്സ് പൂർത്തിയായ വ്യക്തികൾ വിവാഹം ചെയ്തിട്ടില്ല/ പുനർവിവാഹം ചെയ്തിട്ടില്ല എന്ന നിശ്ചിതമാതൃകയിലുള്ള സാക്ഷ്യപത്രം സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

Draft #4 of File 97738/AD A8-1/2025/AD A 8 Approved by REGISTRAR (i/c) on 01-Oct-2026 03:20 PM - Page 1

ജീവനസാക്ഷ്യപത്രവും സത്യവാങ്മൂലവും സമർപ്പിക്കേണ്ട **അവസാന തീയതി 15.11.2026.** നിശ്ചിത തീയതിക്കകം ഇവ സമർപ്പിക്കാത്തപക്ഷം സൂചന (4) പ്രകാരം മറ്റൊരു അറിയിപ്പ് കൂടാതെ 2027 ജനുവരി മാസം മുതലുള്ള പെൻഷൻ വിതരണം മാറ്റിവയ്ക്കപ്പെടുന്നതാണ്.

**ഡോ. ബിനു ജോർജ് വർഗ്ഗീസ്**

രജിസ്ട്രാർ (i/c)

സ്വീകർത്താവ്

എല്ലാ പെൻഷൻ ഗുണഭോക്താക്കളും

Draft #4 of File 97738/AD A8-1/2025/AD A 8 Approved by REGISTRAR (i/c) on 01-Oct-2026 03:20 PM - Page 2